**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1619** **03-02-2026 - ൽ മറുപടിയ്ക്ക്**

**പാട്ട കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഭൂമി വിവിധ ആവശ്യങ്ങൾക്കായി പാട്ടത്തിന് നൽകിയ ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക എത്രയാണെന്ന കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വിവിധ ആവശ്യങ്ങൾക്കായി സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ ഇനത്തിൽ ആകെ പിരിച്ചെടുക്കുവാനുള്ള തുക 408.53 കോടി രൂപയാണ്. ആയതിൽ അപ്പലറ്റ് അതോറിട്ടി, സർക്കാർ, കോടതി എന്നിവിടങ്ങളിൽ സ്റ്റേ ഉള്ളത് 390.81 കോടി രൂപ ആണ്. പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന തുക 17.72 കോടിയാണ്. ആയതിൽ 3.17 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. നിലവിൽ 14.55 കോടി രൂപ ഇനിയും പിരിച്ചെടുക്കുവാനുണ്ട് (2025 നവംബർ ഡി.സി.ബി. പ്രകാരം). ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിലവിലെ പാട്ട നിരക്ക് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള വിവിധ പാട്ട നിരക്കുകൾ കാലോചിതമായി പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ച് പാട്ടനിരക്ക് പരിഷ്കരിക്കുന്നതിനുള്ള കരട് നയരേഖ (ലീസ് പോളിസി) ലാൻഡ് റവന്യൂ കമ്മീഷണറിൽ നിന്നും ലഭ്യമായിട്ടുള്ളതും, ആയത് റവന്യൂ വകുപ്പിന്റെ പരിശോധനയിലുമാണ്. |
| (സി) | കുടിശ്ശിക പാട്ടത്തുക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും കർമ്മ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | 1964 ലെയും 1995 ലെയും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം കമ്പോളവിലയുടെ അടിസ്ഥാനത്തിൽ പാട്ടത്തുക നിശ്ചയിച്ച് അനുവദിച്ചിരിക്കുന്ന പാട്ടങ്ങളിൽ, പാട്ടത്തുക ഒടുക്ക് വരുത്താത്തതിനാലുള്ള പാട്ടക്കുടിശ്ശിക ഊർജ്ജിത കുടിശ്ശിക നിവാരണ യജ്ഞത്തിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പിരിച്ചെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ആംനസ്റ്റി സ്കീം നടപ്പിലാക്കുന്നതിനുള്ള ശുപാർശ ലാൻഡ് റവന്യൂ കമ്മീഷണറിൽ നിന്നും ലഭ്യമായിട്ടുള്ളതും, ആയത് ധനകാര്യ വകുപ്പിന്റെ പരിശോധനയിലുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

വിവിധ ആവശ്യങ്ങൾക്കായി സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് (കോടിയിൽ)

| ജില്ല | പിരിഞ്ഞു കിട്ടാനുള്ള തുക (കോടിയിൽ) |
|---|---|
| തിരുവനന്തപുരം | 8.05 |
| കൊല്ലം | 0.38 |
| പത്തനംതിട്ട | 0.61 |
| ആലപ്പുഴ | 1.15 |
| കോട്ടയം | 0.55 |
| ഇടുക്കി | 0.07 |
| എറണാകുളം | 0.68 |
| തൃശ്ശൂർ | 0.00 (7262/- രൂപ) |
| പാലക്കാട് | 0.01 |
| മലപ്പുറം | 1.93 |
| കോഴിക്കോട് | 0.41 |
| വയനാട് | 0.39 |
| കണ്ണൂർ | 0.27 |
| കാസറഗോഡ് | 0.05 |
| **ആകെ** | **14.55** |